# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 246 — 20/12/2012 ൽ മറുപടിക്ക്

## സ്കൂൾ പാഠപുസ്തകങ്ങളിലെ പരിഷ്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ:<br>ശ്രീ. സി.മമ്മൂട്ടി:<br>ശ്രീ. പി.ബി.അബ്ദുൾ റസാക്:<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യശാസ്ത്രം, ഭാഷ എന്നീ വിഭാഗം പാഠപുസ്തകങ്ങളിൽ പ്രത്യേക രാഷ്ട്രീയപ്പാർട്ടിയുടെ കാഴ്ചപ്പാടുകളുടെ അതിപ്രസരം കാണപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രൊഫ.ശോഭനം, പ്രൊഫ.രാമചന്ദ്രൻ നായർ, പ്രൊഫ.നൂർജം ബീവി തുടങ്ങിയ വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തി സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങൾ വിശദമായി പരിശോധിക്കുകയും, സമിതി നിർദ്ദേശിച്ച പ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു. ഇപ്രകാരം ഭേദഗതി വരുത്തിയ സാമൂഹ്യ പാഠപുസ്തകങ്ങളാണ് 2012-13 വർഷം പ്രസിദ്ധീകരിച്ചത്. |
| ബി) ദേശീയബോധം, പൗരബോധം, ശുചിത്വ ബോധം, അച്ചടക്കം, നീതി ബോധം, സ്വതന്ത്ര രാഷ്ട്രീയ അവബോധം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കാൻ പത്താം തരം വരെയുള്ള പാഠപുസ്തകങ്ങളിലെങ്കിലും പരിഷ്കരണം ആവശ്യമാണെന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) | പരിഗണനയിലുണ്ട്. സ്കൂൾ പാഠ്യപദ്ധതിയുടെയും പരിഷ്കരണത്തെക്കുറിച്ച് പഠിക്കുന്നതിന് സംസ്ഥാന സർക്കാർ ഗാന്ധിജി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലറായ ഡോ.എ.സുകുമാരൻ നായർ ചെയർമാനായ ഒരു വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. |
| സി) ഇതിനായി സ്വതന്ത്ര ചിന്താഗതിക്കാരായ വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായരൂപീകരണം നടത്തി ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശവും കൂടി കണക്കിലെടുത്ത് പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | സർക്കാർ നിയോഗിച്ച വിദഗ്ധസമിതിയുടെ നിർദ്ദേശമനുസരിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ